പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

*നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.103 30/01/2018-ൽ മറുപടിക്ക്

<u>സംസ്ഥാന വിദ്യാഭ്യാസ ചട്ടങ്ങളുടെപരിഷ്കരണം</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ടി.വി. ഇബ്രാഹിം<br>ശ്രീ. എം. ഉമ്മർ<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. കെ.എൻ.എ ഖാദർ : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന വിദ്യാഭ്യാസ ചട്ടങ്ങളിൽ കാലാനുസൃതമായി സമഗ്രമായ പരിഷ്കരണം വരുത്തേണ്ട ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) പരിശോധിച്ചിട്ടുണ്ട്. കെ.ഇ.ആർ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെടുമ്പോഴൊക്ക സർക്കാർ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. |
| (ബി) പ്രസ്തുത പരിഷ്കരണം നടപ്പിലാക്കാത്തതിനാൽ കെ.ഇ.ആർ പ്രകാരമുള്ള കോടതി വ്യവഹാരങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) കെ.ഇ.ആർ പരിഷ്കരണം നടപ്പിലാക്കാത്തതുകൊണ്ടാണ് കോടതികളിൽ വ്യവഹാരങ്ങൾ വർദ്ധിക്കുന്നതെന്നു കരുതാൻ കഴിയില്ല. ചട്ടങ്ങൾ പരിഷ്കരിക്കുമ്പോൾ മാനേജർമാരിൽ ഒരു ചെറിയ വിഭാഗം കോടതികളെ സമീപിക്കുന്നു. ഇക്കാര്യങ്ങളിൽ കോടതിയുടെ തീർപ്പിനനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നുമുണ്ട്. |
| (സി) 2009-ലെ വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കിയ സാഹചര്യത്തിൽ കേരള വിദ്യാഭ്യാസ ചട്ടം അടിയന്തരമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) 2009-ലെ വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് പൂർണമായും നടപ്പിലാക്കുന്നതിന് ആവശ്യമായ പഠനം നടത്തി നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി ഡോ.എം.എ.ഖാദർ (SCERT മുൻഡയറക്ടർ) ശ്രീ. ജ്യോതി ചൂഡൻ (റിട്ട സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്), ഡോ.സി.രാമകൃഷ്ണൻ എന്നിവർ അംഗങ്ങളായി ഒരു വിദഗ്ധസമിതി രൂപവത്കരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട ഭേദഗതികളും ഈ സമിതിയുടെ പരിഗണനാവിഷയങ്ങളിലൊന്നാണ്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.ഇ.ആറിൽ വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ